"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ ജില്ലയിലെ എടമുറ്റം യു.പി സ്കൂളിലെ ഉറുദു അധ്യാപികയായ ശ്രീമതി. കെ ആയിഷ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.3901/2026/GEDN തീയതി,തിരുവനന്തപുരം, 11-06-2026

പരാമർശം:-

1. എടമുറ്റം യു.പി സ്കൂളിലെ ഉറുദു അധ്യാപികയായ കെ ആയിഷ സമർപ്പിച്ച 26.06.2025 തീയതി വെച്ച റിവിഷൻ ഹർജി.
2. വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ AEOVLP/1204/2025-D നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/09/2025-ലെ ഡിജിഇ/17877/2025-ഇ3 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ എടമുറ്റം യു.പി സ്കൂളിലെ ഉറുദു അധ്യാപികയായ ശ്രീമതി. കെ ആയിഷ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയെയും, ബന്ധപ്പെട്ട മറ്റു കക്ഷികളെയും 10/09/2025 ന് 11 മണിക്ക് നേരിൽ കേൾക്കുകയുണ്ടായി.

2. **നേരിൽ കേട്ട വേളയിൽ മാനേജരും, ശ്രീമതി. ആയിഷയും ചുവടെ ചേർക്കും പ്രകാരം വാദിച്ചു.**

തൃശ്ശൂർ ജില്ല വലപ്പാട് എടമുട്ടം യു.പി സ്കൂൾ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ശ്രീമതി. കെ ആയിഷ എന്നവരെ ഉറുദു അദ്ധ്യാപിക ആയി 01.06.2010 മുതൽ വിരമിക്കൽ ഒഴിവിൽ നിയമിച്ചു. ടി നിയമനം അംഗീകരിച്ചിട്ടുള്ളതാണ്. 2015-16 തസ്തിക നിർണയ ഉത്തരവിൽ ശ്രീമതി കെ ആയിഷയുടെ തസ്തിക നഷ്ടപ്പെട്ടിട്ടുള്ളതാണ്. 15.07.2015 തീയതിയാണ് 2015-16 ഉത്തരവ് നിയമപരമായി പുറപ്പെടുവിക്കേണ്ടത്. എന്നാൽ പ്രസ്തുത ഉത്തരവ് 2016 മാർച്ച് മാസമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി ഉത്തരവനുസരിച്ച് പുറത്തായതിനാൽ ടിയാളെ മതിലകം ബ്ലോക്ക് റിസോഴ്സ് സെന്ററിലേക്ക് പുനർ വിന്യസിച്ചിട്ടുള്ളതാണ് 16.12.2016 തീയതി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ഇതിനിടെ ടിയാൾ സ്കൂളിൽ ഉറുദു അധ്യാപികയായി ജോലി ചെയ്തു വന്നിട്ടുള്ളതും ശമ്പളം കൈ പറ്റിയിട്ടുള്ളതുമാണ്. ശ്രീമതി കെ ആയിഷ എന്നവർക്ക് സംരക്ഷണ ആനുകൂല്യവും സർവീസിൽ തുടർച്ചയും ഉള്ളതിനാലാണ് ടിയാൾക്ക് ശമ്പളം അനുവദിച്ചു നൽകിയിട്ടുള്ളത്. ശ്രീമതി കെ ആയിഷ ഇപ്പോൾ ചൊവ്വന്നൂർ ബ്ലോക്ക് റിസോഴ്സ് സെന്ററിൽ ജോലി ചെയ്തു വരുന്നു ഇതിനിടെ വലപ്പാട്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രധാന അധ്യാപികക്ക് ഓഡിറ്റ് ഒബ്ജക്ഷൻ നൽകിയിട്ടുള്ളതാണ്. സ.ഉ. (സാധാ)നം. 148/2016/പൊ.വി.വ തീയതി 31.08.2016 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് ടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഉറുദു ഫുൾടൈം അധ്യാപകനായ ശ്രീ ഹമീദ് മാസ്റ്റർ വിരമിച്ച ഒഴിവിലാണ് ശ്രീമതി കെ ആയിഷ എന്നവരെ നിയമിച്ചിട്ടുള്ളത് പക്ഷേ പാർട്ട് ടൈം അധ്യാപിക ആയിട്ടാണ് നിയമനം അംഗീകരിച്ചിട്ടുള്ളത് എന്നിരുന്നാലും വർക്ക് ലോടും ടൈംടേബിളും അനുസരിച്ച് ഫുൾടൈം അധ്യാപിക ആയിട്ടാണ് ജോലി ചെയ്തിരുന്നത്. കൂടാതെ സ്കൂളിൽ സ്പെഷലിസ്റ്റ് അധ്യാപകർ ആരും തന്നെ ഇല്ല ആയതിനാൽ ഗ്രൂപ്പ് സി വിഷയങ്ങൾ കൺവേർട്ട് ചെയ്ത് ഉറുദു തസ്തിക ഫുൾടൈം ആയി മാറ്റാൻ കഴിയുന്നതാണ്. ശ്രീ ഹമീദ് മാസ്റ്റർ ഫുൾടൈം അധ്യാപകൻ ആയിട്ടാണ് വിരമിച്ചിട്ടുള്ളത്. സ.ഉ. (സാധാ) നം. 371/2000/ പൊ.വി.വ തീയതി 13.11.2000 സർക്കാർ ഉത്തരവിൽ ഗ്രൂപ്പ് സി ഡൈവേർഷൻ മൂലം അനുവദിച്ച തസ്തികകളെ പ്രൊട്ടക്ടഡ് ആയി കണക്കാക്കാൻ പാടില്ല എന്നും അങ്ങനെ ഫുൾടൈം ആയി അനുവദിച്ച തസ്തികകൾ പാർട്ട് ടൈം ആയി മാറ്റുവാൻ പാടില്ല എന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സ.ഉ.(സാധാ)നം. 371/2000/പൊ.വി.വ തീയതി 13.11.2000 ഉത്തരവിന്റെ ആനുകൂല്യങ്ങൾ ലഭിക്കുവാൻ ശ്രീമതി കെ ആയിഷ എന്നവർക്ക് അർഹതയുണ്ട്. സ.ഉ. (എം.എസ്) നം. 62/73/സെ.വി.വ തീയതി 02.05.1973 സർക്കാർ ഉത്തരവനുസരിച്ച് അഞ്ചുവർഷം സർവീസ് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഫുൾടൈം ടീച്ചർ ആകുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവ് അനുസരിച്ച് 01.06.2015 തീയതി ശ്രീമതി കെ ആയിഷ ഫുൾ ടൈം ടീച്ചർ ആകുന്നതാണ്. ശ്രീമതി കെ ആയിഷ എന്നിവരെ പാർട്ട് ടൈം അധ്യാപികയായിട്ടാണ് സ്റ്റാറ്റസ് ആനുകൂല്യങ്ങളും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ഗ്രൂപ്പ് സി വിഷയങ്ങളിൽ അധ്യാപകർ ആരും ഇല്ലെങ്കിൽ ഗ്രൂപ്പ് സി വിഷയങ്ങളിലെ മൂന്നു പീരീഡുകൾ മാറ്റി ഉറുദു തസ്തിക ഫുൾടൈം ആക്കാവുന്നതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 32219/2015 നമ്പർ റിട്ട് ഹർജിയിലെ വിധിയിൽ ഗ്രൂപ്പ് സി വിഷയങ്ങളിലെ മൂന്നു പീരീഡുകൾ മാറ്റി ഫുൾടൈം സംസ്കൃത തസ്തിക അനുവദിച്ച് തുടരാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സമാന സാഹചര്യത്തിലാണ് ശ്രീമതി കെ ആയിഷ തുടർന്ന് വരുന്നത്. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് ശ്രീമതി കെ ആയിഷ എന്നവരുടെ 01.06.2019 നിയമനം ഫുൾടൈം ആനുകൂല്യം നൽകിയും അനുബന്ധം 5 എന്നീ ഉത്തരവുകൾ റദ്ദ് ചെയ്യും ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

3. **<u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.</u>**

എടമുട്ടം യു പി സ്കൂളിലെ ജൂനിയർ ഉറുദു അധ്യാപികയായ ശ്രീമതി കെ ആയിഷയുടെ നിയമനം 01.06.2010 മുതൽ തുടർച്ചയായി അംഗീകരിച്ച് നൽകിയിട്ടുണ്ട്. 01.06.2015 ന് ടിയാൾ തുടർച്ചയായി അഞ്ച് വർഷം സർവ്വീസ് പൂർത്തീകരിച്ചിട്ടുള്ളതായും എന്നാൽ 2015-2016 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ C/1813/15 D.Dis തീയതി 10/03/16 പ്രകാരം ആ വർഷം സ്റ്റാഫ് ഫിക്സേഷനിൽ ഉറുദു അധ്യാപക തസ്തിക നഷ്ടമാവുകയും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 28/09/16 തീയതിയിലെ 15-15699/16(1) ഉത്തരവിൻ പ്രകാരം ടിയാളെ മതിലകം ബി ആർ സി യിലേക്ക് 15/12/2016 മുതൽ പുനർവിന്യസിക്കുകയും ചെയ്തിരുന്നു. ആയതിനാലാണ് ശ്രീമതി ആയിഷ കെ-യ്ക്ക് ഫുൾടൈം ബെനിഫിറ്റ് നൽകാതിരുന്നത്. മേൽ സാഹചര്യത്തിൽ

ടിയാൾക്ക് ഫുൾ ടൈം ബെനിഫിറ്റ് നൽകണമെന്ന ആവശ്യം പരിഗണിക്കാൻ സാധിക്കുകയില്ല.

4. നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിഷയം പരിശോധിച്ചു. ഉറുദു ഫുൾടൈം അധ്യാപകനായ ശ്രീ ഹമീദ് മാസ്റ്റർ വിരമിച്ച ഒഴിവിലാണ് ശ്രീമതി കെ ആയിഷ എന്നവരെ പാർട്ട് ടൈം അധ്യാപിക ആയി നിയമിച്ചിട്ടുള്ളത്. 01/06/2010 മുതൽ തുടർച്ചയായി നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. ടിയാൾ 01/06/2015 നു 5 വർഷം തുടർച്ചയായ സർവീസ് പൂർത്തിയാക്കിയതായി കാണുന്നു. എന്നാൽ 2015-2016 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ C/1813/15 D.Dis തീയതി 10/03/16 പ്രകാരം ആ വർഷം സ്റ്റാഫ് ഫിക്സേഷനിൽ ഉറുദു തസ്തിക നഷ്ടപ്പെടുകയും, 2015 - 2016 അദ്ധ്യയന വർഷം ഉർദു അദ്ധ്യാപിക ശ്രീമതി ആയിഷ കെ-യെ മതിലകം ബി ആർ സി യിലേക്ക് 15/12/2016 മുതൽ തൃശ്ശൂർ വിവിദ്യാഭ്യാസ ഉപഡയറക്ടരുടെ 28/09/16 തീയതിയിലെ 15-15699/16(1) ഉത്തരവ് പ്രകാരം പുനർവിന്യസിക്കുകയും ചെയ്തിരിക്കുന്നു. ആയതിനാൽ ശ്രീമതി ആയിഷ.കെ-യ്ക്ക് ഫുൾടൈം ബെനിഫിറ്റ് നൽകാതിരുന്നത് ക്രമപ്രകാരമല്ലായെന്ന് കാണുന്നു.

5. മേൽ സാഹചര്യത്തിൽ, 01/06/2015-നു 5 വർഷം തുടർച്ചയായ സർവീസ് പൂർത്തിയാക്കിയ തീയതിയിൽ 8 പീരിയഡ് ഉണ്ടെങ്കിൽ, ജി.ഒ (എം.എസ്) 62/73 പ്രകാരം ഫുൾടൈം ആനുകൂല്യം നൽകുന്ന വിഷയം പരിഗണിച്ച് തീർപ്പ് കല്പിക്കുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജെ ശാലിനി
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വലപ്പാട്.
മാനേജർ, എടമറ്റം യു.പി. സ്കൂൾ, തൃശ്ശൂർ - 680 568
ശ്രീമതി. കെ. ആയിഷ, ഉറുദു അദ്ധ്യാപിക, എടമറ്റം യു.പി. സ്കൂൾ, തൃശ്ശൂർ - 680 568
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 11-06-2026 12:54:23

സെക്ഷൻ ഓഫീസർ